ഭരണഭാഷ-മാതൃഭാഷ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

നമ്പർ.400445/BAUV02/GPO/2024/42/(2)

മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത് ആഫീസ്

തെക്കേക്കര
പല്ലാരിമംഗലം.പി.ഓ
ആലപ്പുഴ
Phone No:04792328305
E-mail:thekkekkaragp@gmail.com

തീയതി : 04/03/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ

സർ,

വിഷയം:- അനധികൃതമോ അനുമതിയില്ലാത്തതോ ആയ നിർമ്മാണങ്ങൾ / വികസനം, പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനങ്ങൾ എന്നിവയിന്മേലുള്ള നടപടി,അനധികൃത നിർമ്മാണത്തിന് എതിരെയുള്ള നടപടികൾ

സൂചന:- കളത്തൂർ കാവിന് സമീപം കമാനത്തിൻറെ തൂണുകൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ടെന്ന് കാണിച്ച് വിനീത.യു, വിളയിൽ തെക്കതിൽ എന്ന വ്യക്തി ഈ കാര്യാലയത്തിൽ സമർപ്പിച്ച പരാതി .

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് വാർഡ് 19 ൽ കളത്തൂർകാവിൻറെ വക ക്ഷേത്രത്തിലേക്ക് ഉള്ള വഴിയിൽ സ്ഥാപിച്ചിട്ടുള്ള കമാനത്തിൻറെ തൂണ് വിനീത.യു, വിളയിൽതെക്കതിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വസ്തുവിലേക്ക് കയറ്റി പണിതിരിക്കുന്നതായും പഞ്ചായത്ത് റോഡിൽ നിന്ന് ദൂരപരിധി പാലിച്ചിട്ടില്ല എന്ന് ടിയാൾ 04.01.2024 ൽ ഈ കാര്യാലയത്തിൽ പരാതി സമർപ്പിച്ചിരുന്നു. അപേക്ഷ നല്കിയ ദിവസം തന്നെ പരാതി അനുസരിച്ച് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ കമാനത്തിൻറെ രണ്ട് തൂണ് നിമ്മാണം നടത്തിയിട്ടുള്ളതായും തൂണുകൾക്ക് മുകളിൽ കുറുകെ ഉള്ള മുകൾ ഭാഗത്തിൻറെ നിർമ്മാണം പുരോഗമിക്കുന്ന ഘട്ടത്തിലുമായിരുന്നു. പരാതിക്കാരുടെ വസ്തുവും ക്ഷേത്രത്തിൻറെ വസ്തുവും പഞ്ചായത്ത് റോഡും തമ്മിൽ വേർ തിരിക്കുന്ന മതിലോ അതിർത്തി വരമ്പോ വസ്തുവിൻറെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള അടയാളങ്ങൾ ഒന്നും തന്നെ പ്രസ്തുത സ്ഥലത്ത് നിലവിലില്ല. പഞ്ചായത്ത് റോഡിൽ അതിക്രമിച്ച് കമാന നിമ്മാണം നടത്തിയതായി അതിർത്തി വ്യക്തമല്ലാത്തതിനാൽ മനസ്സിലാക്കുന്നതിന് കഴിയാത്തതാണ്. ടി നിർമ്മാണം പഞ്ചായത്ത് റോഡ് അതിക്രമിച്ച് ആണോ നിർമ്മാണം നടത്തിയത് എന്ന് നിലവിലുള്ള പരിശോധനയിൽ അതിർത്തി വ്യക്തമല്ലാത്തതിനാൽ ബോദ്ധ്യപ്പെട്ടിട്ടില്ല. ആയതിനാൽ ടി

വസ്തുവിൻറെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പരാതിക്കാരിക്ക് 09.01.2024 ൽ ഈ കാര്യാലയത്തിൽ നിന്നും തപാൽ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ളതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 23 ൽ പ്രദർശന എടുപ്പുകൾ 3 മീറ്റർ ദൂരപരിധിയിൽ ഉൾപ്പെടുന്നതാണ് എന്ന് പരാമർശം ഉള്ളതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കമാനത്തിന് പെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായി വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. പ്രസ്തുത വസ്തുവിൻറെ അതിർത്തിയുമായി ബന്ധപ്പെട്ട് അപേക്ഷകയും ക്ഷേത്ര ഭാരവാഹികളുമായി നിലവിൽ മാവേലിക്കര മുൻസിഫ് കോടതിയിൽ OS 7/2024 കേസ് നിലവിലുള്ളതാണ് മേൽ വിവരം റിപ്പോർട്ടായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സിനി എ കെ

സെക്രട്ടറി

Document certified by SINI A K <SINIMSANUJ@GMAIL.COM>

Digitally signed by SINI A K
Date: 2024.03.04 16:45:19 IST
Reason: ILGMS Govt. of kerala